➩ പുഴയുടെയും ബന്ധപ്പെട്ട കൈവഴികളുടെ മരണത്തിനും ഇത് വഴിവച്ചു ➩

**മദ്ധ്യകേരളത്തിലെ** മൂന്ന് പ്രധാനനദികളായ ഭാരതപ്പുഴ, ചാലക്കുടിപ്പുഴ, പെരിയാർ എന്നിവയുടെ വിവിധ കൈവഴികൾ ഉൾപ്പെടുന്നതാണ് പറമ്പിക്കുളം-അളിയാർ പദ്ധതി (PAP). ചാലക്കുടിപ്പുഴയ്ക്ക് ഇന്ന് സംഭവിച്ചിരിക്കുന്ന അപചയത്തിൽ ഈ പദ്ധതിക്കും ഇവിടെ നിന്നുള്ള ജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച് കേരളവും തമിഴ്നാടും തമ്മിലുള്ള കരാറിനും വലിയ പങ്കുണ്ട്. വൃഷ്ടിപ്രദേശത്തിലൊരു വലിയ ഭാഗവും അവിടുത്തെ ജലവും പുഴയ്ക്ക് പൂർണ്ണമായി നഷ്ടമാകുന്നതിന് ഇത് ഇടയാക്കി. അണക്കെട്ടുകൾക്ക് താഴെ, പുഴയുടെയും ബന്ധപ്പെട്ട കൈവഴികളുടെയും മരണത്തിന് ഇത് വഴിവച്ചു.

പെരിയാറിന്റെ കൈവഴിയായ നീരാർ, ചാലക്കുടിപ്പുഴയുടെ കൈവഴികളായ ഷോളയാർ, പറമ്പിക്കുളം ആർ, തൂണക്കടവ് ആർ, പെരുവാരിപ്പള്ളം ആർ, ഭാരതപ്പുഴയുടെ കൈവഴികളായ അളിയാർ-പാലാർ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്.

# ചാലക്കുടിപ്പുഴയെ കൊല്ലുന്ന പറമ്പിക്കുളം-അളിയാർ പദ്ധതി

കേരളത്തിലെ പ്രധാനനദികളായ ഭാരതപ്പുഴ, ചാലക്കുടിപുഴ, പെരിയാർ എന്നിവയുടെ വിവിധ കൈവഴികൾ ഉൾപ്പെടുന്ന ഒരു അന്തർസംസ്ഥാന നദീജലകൈമാറ്റ പദ്ധതിയാണ് കേരളവും തമിഴ്നാടും ഉൾപ്പെട്ട പറമ്പിക്കുളം–അളിയാർ പദ്ധതി (PAP). ചാലക്കുടിപ്പുഴയ്ക്ക് ഇന്ന് സംഭവിച്ചിരിക്കുന്ന അപചയത്തിൽ ഈ പദ്ധതിക്കും കരാറിനും വലിയ പങ്കുണ്ട്. അതിരപ്പിള്ളി ഡാമിന് വേണ്ടിയുള്ള നീക്കങ്ങൾ അണിയറയിൽ ശക്തമാകുന്ന പശ്ചാത്തലത്തിൽ നിലവിലുള്ള പദ്ധതികൾ ചാലക്കുടിപ്പുഴയോട് എന്താണ് ചെയ്യുന്നതെന്ന് പരിശോധിക്കുന്നു.

**എസ്.പി. രവി**

ആകെ ഒൻപത് അണക്കെട്ടുകളും രണ്ട് വീയറുകളും നാല് പവർഹൗസുകളും ജലനിർഗ്ഗമനത്തിനായുള്ള ടണലുകളും കനാലുകളും ഉൾപ്പെടുന്നതാണ് പറമ്പിക്കുളം-അളിയാർ പദ്ധതി. ഇതിൽ കേരള ഷോളയാർ ഡാമും പവർഹൗസും മണക്കടവ് വീയറും ഒഴികെയുള്ളവയെല്ലാം തമിഴ്നാട് സർക്കാർ നിർമ്മിച്ച് കൈവശം വച്ചിരിക്കുന്നവയാണ്. പദ്ധതിക്ക് പുറത്തും ഈ കൈവഴികളിൽ തമിഴ്നാട് വീയറുകളും പവർഹൗസുകളും സ്ഥാപിച്ചിട്ടുണ്ട്.

ഈ പദ്ധതി വരുന്നതിനുമുൻപ് പെരിയാറിന്റേയും ചാലക്കുടിപ്പുഴയുടേയും ബന്ധപ്പെട്ട കൈവഴികളിലെ ജലം പൂർണ്ണമായും, ഭാരതപ്പുഴയുടെ കൈവഴികളിലെ ജലത്തിൽ സിംഹഭാഗവും കേരളത്തിലേക്ക് ഒഴുകി വന്നിരുന്നു. PAP വതിനുശേഷം പെരിയാറിലെ നിർമ്മിതികളിൽ ഒഴുകിയെത്തുന്ന വെള്ളത്തിൽ 88 ശതമാനവും ചാലക്കുടിപ്പുഴത്തടത്തിൽ തമിഴ്നാട് നിർമ്മിച്ച നാലു അണക്കെട്ടുകളിൽ ഒഴുകിയെത്തുന്ന വെള്ളത്തിൽ 75 ശതമാനവും തമിഴ്നാട് തിരിച്ചുകൊണ്ടുപോയി മറ്റു നദീതടങ്ങളിൽ ഉപയോഗിക്കുകയാണ്. ഭാരതപ്പുഴയിലും കേരളത്തിലേക്കുള്ള നീരൊഴുക്ക് ഗണ്യമായി കുറഞ്ഞു.

1959 നവംബർ 9ന് ആണ് പറമ്പിക്കുളം-അളിയാർ പദ്ധതി നിർമ്മിക്കാനായി കേരളവും തമിഴ്നാടും തമ്മിൽ കരാർ ഒപ്പുവെക്കുന്നത്. തുടർന്ന് 1960

ജൂലായ് 4നും 1969 മെയ് 10നും സപ്ലിമെന്ററി എഗ്രിമെന്റുകൾ ഒപ്പുവച്ചു. പദ്ധതിയിൽ നിന്നുള്ള ജലം പങ്കുവയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന കരാർ 1970 മെയ് 29ന് ഒപ്പുവച്ചു. ഇന്നു നിലവിലുള്ള ഈ കരാറിന് 1958 മുതൽ മുൻകാലപ്രാബല്യ മുണ്ട്.

ചാലക്കുടിപ്പുഴയുടെ കൈവഴിയായ ഷോളയാറിൽ തമിഴ്നാടും കേരളവും ഓരോ അണക്കെട്ടുകൾ പണിതിട്ടുണ്ട്. കേരള-തമിഴ്നാട് അതിർത്തിക്ക് തൊട്ടു കിഴക്കായാണ് തമിഴ്നാട് ഷോളയാർ അണക്കെട്ട് നിർമ്മിച്ചിരിക്കുന്നത്. 1958ൽ ആദ്യകരാർ ഒപ്പുവെക്കുമ്പോൾ ഈ അണക്കെട്ട് വിഭാവനം ചെയ്തിരുന്നില്ല. ഇവിടെ ഒരു തടയണ മാത്രം നിർമ്മിച്ച് അവിടെ ഒഴുകിയെത്തുന്ന വെള്ളത്തിൽ 2.57 TMC വെള്ളം (70.8 ദശലക്ഷം ഘനമീറ്റർ) തമിഴ്നാടിന്റെ ആവശ്യത്തിനായി തിരിച്ചുകൊണ്ടുപോകാനാണ് അന്ന് വിഭാവനം ചെയ്തിരുന്നത്. എന്നാൽ പിന്നീട് നീരാറിൽ നിന്ന് തിരിച്ചുകൊണ്ടുവരുന്ന വെള്ളം സംഭരിക്കാൻ സഹായകമാകും എന്നതിനാൽ ഇവിടെ അണക്കെട്ടു വേണമെന്ന് തമിഴ്നാട് ആവശ്യപ്പെടുകയും കേരളം അനുവദിക്കുകയുമായിരുന്നു. 107 മീറ്റർ ഉയരമുള്ള ഈ അണക്കെട്ടിൽ 153 ദശലക്ഷം ഘനമീറ്റർ ജലം സംഭരിക്കാനാകും. PAP യിൽ കേരളം നിർമ്മിച്ച ഏക അണക്കെട്ടായ കേരള ഷോളയാർ 1966ലാണ് കമ്മീഷൻ ചെയ്യുന്നത്. 57 മീറ്റർ ഉയരമുള്ള അണക്കെട്ടും 154 ദശലക്ഷം ഘനമീറ്റർ സംഭരണ ശേഷിയുള്ള ജലസംഭരണിയും 54 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പവർഹൗസും ഷോളയാർ ജലവൈദ്യുതപദ്ധതിയുടെ ഭാഗമായുണ്ട്. തമിഴ്നാട് ഷോളയാറിൽ നിന്നുള്ള ജലത്തിലൊരുഭാഗം ലഭിക്കുന്നു എന്നതൊഴിച്ചാൽ PAP യിലെ മറ്റു പദ്ധതികളുമായി കേരളഷോളയാറിന് ബന്ധമില്ല.

പാലക്കാട് ജില്ലയിലാണ് പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപ്പള്ളം എന്നീ അണക്കെട്ടുകൾ പണിതിരിക്കുന്നത്. തമിഴ്നാട് സർക്കാർ നിർമ്മിച്ച് കൈവശം വച്ചിരിക്കുന്ന ഈ അണക്കെട്ടുകളുടെ മൊത്തം വൃഷ്ടിപ്രദേശമായ 288 ചതുരശ്രകിലോമീറ്ററിൽ 38 ശതമാനം കേരളത്തിനകത്താണ്. പറമ്പിക്കുളം-അളിയാർ പദ്ധതിയിലെ ഏറ്റവും വലിയ ജലസംഭരണിയായ പറമ്പിക്കുളം റിസർവോയറിൽ 504.7ദശലക്ഷം ഘനമീറ്റർ ജലം സംഭരിക്കാനാകും. തൂണക്കടവ്, പെരുവാരിപ്പള്ളം ജലസംഭരണികളുടെ ശേഷി യഥാക്രമം 15.7 ദശലക്ഷം ഘനമീറ്ററും 17.6 ദശലക്ഷം ഘനമീറ്ററുമാണ്.

### പി.എ.പി കരാർ

കേരളത്തിന്റെ താൽപര്യങ്ങൾക്കെതിരാണ് PAP കരാർ എന്ന് 1958 ന് മുമ്പുതന്നെ ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. കേന്ദ്രസർക്കാരിൽ നിന്നുള്ള സമ്മർദ്ദത്തെ തുടർന്നാണ് അന്നു നമ്മൾ പദ്ധതിക്കനുമതി നൽകിയതെന്നും പറയപ്പെടുന്നു. പദ്ധതി നിർമ്മിച്ച ശേഷം ജലം പങ്കുവെയ്ക്കുന്നതിന് 1970ൽ ഒപ്പുവച്ച കരാർ തികച്ചും ഏകപക്ഷീയമായിരുന്നു. ഇത് അന്നത്തെ ഭരണകൂടത്തിന്റെ വീഴ്ചയായിത്തന്നെ ചരിത്രം വിലയിരുത്തും. നദീജലം പങ്കിടുന്നത് സംബന്ധിച്ച് നിലവിലുണ്ടായിരുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായിരുന്നു ഈ കരാറെന്നു പറയാൻ കഴിയില്ല.

ഓരോ ഉപനദീതടത്തിലേയും ജലം പങ്കിടുന്നതിനു വ്യത്യസ്തമായ വ്യവസ്ഥകളാണ് PAP കരാറിലുള്ളത്. ഓരോയിടത്തെയും ജലലഭ്യത സംബന്ധിച്ച് അന്ന് തമിഴ്നാട് തയ്യാറാക്കിയ കണക്കുകളെ അടിസ്ഥാനപ്പെടുത്തിയാണ് ഇരു സംസ്ഥാനങ്ങൾക്കുമുള്ള വിഹിതം നിശ്ചയിച്ചത്. ചാലക്കുടിപ്പുഴത്തടത്തിൽ ഷോളയാറിലും പറമ്പിക്കുളം ഗ്രൂപ്പിലും ജലം പങ്കിടുന്നതിനുള്ള വ്യവസ്ഥകളുണ്ട്.

പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപ്പള്ളം അണക്കെട്ടുകളിൽ ഒരു വർഷം ശരാശരി 19,000 ദശലക്ഷം ഘനയടി (538 MCM) വെള്ളമൊഴുകിയെത്തുമെന്നാണ് അന്നു കണക്കാക്കിയത്. ഇതിൽ 14,000 ദശലക്ഷം ഘനയടി (396 MCM) തമിഴ്നാടിന് അവകാശപ്പെട്ടതാണെും ബാക്കി കേരളത്തിനുള്ളതാണെും കരാർ വ്യവസ്ഥ ചെയ്യുന്നു. കേരളത്തിനവകാശപ്പെട്ട ജലത്തിൽ 2500 ദശലക്ഷം ഘനയടി ചിറ്റൂർപ്പുഴയിലെ ആവശ്യങ്ങൾക്കായി തിരിച്ചുകൊണ്ടുപോകാമെന്നും ബാക്കിയുള്ളത് ചാലക്കുടിപ്പുഴയ്ക്ക് എന്നുമാണ് കരാർ പറയുന്നത്. ഷോളയാറിൽ ആകെ 14,800 ദശലക്ഷം ഘനയടി (419 MCM) വെള്ളമുണ്ടാകുമൊണ് 1970ൽ കണക്കാക്കിയത്. ഇതിൽ 12,300 ദശലക്ഷം ഘനയടി (348 MCM) കേരള ഷോളയാർ പവർഹൗസിൽ ഉപയോഗിക്കാമെന്നും അധികമുള്ളത് തമിഴ്നാടിന് തിരിച്ചു കൊണ്ടുപോകാമെന്നുമാണ് കരാറെഴുതിയിരിക്കുന്നത്. ജൂലായ് ഒന്നിനും ഫെബ്രുവരി ഒന്നിനുമിടയിൽ വിവിധ സമയങ്ങളിൽ കേരള ഷോളയാറിലുണ്ടാകേണ്ട ജലനിരപ്പിനെ സംബന്ധിച്ച വ്യവസ്ഥകളും കരാറിലുണ്ട്.

➪ പറമ്പിക്കുളത്ത് നീരൊഴുക്ക് കുറഞ്ഞതിനാൽ കേരളത്തിന്റെ വിഹിതം പൂർണ്ണമായും നഷ്ടപ്പെടുകയായിരുന്നു ➪



പറമ്പിക്കുളം ആളിയാർ കരാറും വിവിധ നദീതടപ്രദേശങ്ങളും

PAP കരാറിലെ വ്യവസ്ഥകൾ ഏറെ കൗശലത്തോടെ തയ്യാറാക്കിയിരിക്കുന്നതാണ്. പ്രത്യക്ഷത്തിൽ നീതിപൂർവ്വമെന്നു തോന്നുന്ന വ്യവസ്ഥകൾ പോലും കേരളത്തിന് നീതി നിഷേധിക്കുന്നതായിരുന്നുവെന്ന് സൂക്ഷ്മവിശകലനത്തിൽ മനസ്സിലാകും. കരാറൊപ്പിട്ട വേളയിൽ കണക്കാക്കിയിരുന്ന നീരൊഴുക്കിൽ വലിയ അന്തരമുണ്ടായതും ഇതിന്റെ നേട്ടം തമിഴ്നാടിനും കോട്ടം കേരളത്തിനുമായതും സംശയകരമാണ്.

ഷോളയാറിലും പറമ്പിക്കുളത്തും കൂടി 33,800 ദശലക്ഷം ഘനയടി (957 MCM) ജലം ഉണ്ടാകുമെന്നും ഇതിൽ കേരളത്തിനു 17,300 Mcft - million cubic feet (490 MCM) ജലവും തമിഴ്നാടിനു 16,500 Mcft (467 MCM) ജലവും ലഭിക്കുമെന്നും കരാർ വിഭാവനം ചെയ്യുന്നു. കേരളം ഇവിടെ കീഴ്നദീതട സംസ്ഥാനമാണ് (lower riparian state). കീഴ്നദീതടത്തിൽ ലഭിക്കുന്ന ജലത്തിനുമേൽ നദീതടത്തിനു നിയമപരമായി അവകാശങ്ങളില്ല. ഷോളയാറിലും പറമ്പിക്കുളത്തും കേരളത്തിന്റെ വൃഷ്ടി പ്രദേശത്തെ നീരൊഴുക്കുകൂടി ചേർത്ത് ജലലഭ്യത കണക്കാക്കിയിട്ടാണ് പങ്കുവെയ്ക്കലിൽ തുല്യതയുടെ പ്രതീതി സൃഷ്ടിച്ചിരിക്കുന്നത്. വൃഷ്ടിപ്രദേശങ്ങൾക്കാനുപാതികമായി നീരൊഴുക്ക് കണക്കാക്കുമ്പോൾ തമിഴ്നാടിന്റെ വൃഷ്ടിപ്രദേശത്തുനിന്നും പ്രതീക്ഷിച്ച ജലലഭ്യതയും അതിൽ കേരളത്തിനനുവദിച്ച വിഹിതവും താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു. ഷോളയാറിൽ കരാർ ഒപ്പിടുന്ന വേളയിൽ കണക്കാക്കിയിരുന്നതിനേക്കാൾ 20 ശതമാനം അധികനീരൊഴുക്കും പറമ്പിക്കുളം ഗ്രൂപ്പിൽ 45 ശതമാനം കുറവ് നീരൊഴുക്കുമാണ് ലഭിച്ചത്. കരാർ വ്യവസ്ഥകളിലെ സവിശേഷതകൾ മൂലം ഷോളയാറിലെ അധികജലം മുഴുവൻ തമിഴ്നാടിനവകാശപ്പെട്ടതായപ്പോൾ പറമ്പിക്കുളത്ത് നീരൊഴുക്ക് കുറഞ്ഞതിനാൽ കേരളത്തിന്റെ വിഹിതം പൂർണ്ണമായും നഷ്ടപ്പെടുകയായിരുന്നു. 1970നും 2002നും ഇടയിൽ തമിഴ്നാടിന്റെ വൃഷ്ടിപ്രദേശത്ത് നിന്നുണ്ടായ യഥാർത്ഥ ജലലഭ്യതയും അതിൽ കേരളത്തിനു ലഭിച്ചതും കൂടി പട്ടികയിൽ കൊടുത്തിട്ടുണ്ട്.

ചാലക്കുടിപ്പുഴയുടെ തമിഴ്നാട്ടിലുള്ള 300 ചതുരശ്രകിലോമീറ്റർ വൃഷ്ടിപ്രദേശത്ത് നിന്നും പ്രതീക്ഷിച്ച ജലലഭ്യതയിൽ 22 ശതമാനം മാത്രമാണ് കേരളത്തിനു കണക്കാക്കിയിരുന്നത്. കരാർ വ്യവസ്ഥകൾ തയ്യാറാക്കുന്നതിൽ കാണിച്ച കൗശലത്തിലൂടെ ജലലഭ്യതയിലെ വ്യത്യാസത്തിന്റെ നേട്ടം മുഴുവൻ തമിഴ്നാടിനും കോട്ടം കേരളത്തിനുമായതോടെ ഈ വൃഷ്ടിപ്രദേശങ്ങളിൽ നിന്നും നമുക്ക് ലഭിച്ചത് 8.2 ശതമാനം മാത്രം. അതായത് 1970ന് മുൻപ് പൂർണ്ണമായും പുഴയിലേക്കൊഴുകിവന്നുകൊണ്ടിരുന്ന 300 ച.കിലോമീറ്റർ പ്രദേശത്തെ നീരൊഴുക്കിൽ 91 ശതമാനത്തിലധികം PAP വന്നതോടെ നഷ്ടമായി.

പറമ്പിക്കുളം - അളിയാർ പദ്ധതിയും കരാറും മൂലമുണ്ടായ നഷ്ടങ്ങൾക്ക് പുറമെ

➪ നനവെള്ളത്തിന്റേയും കുടിവെള്ളത്തിന്റേയും ലഭ്യതയിൽ ഇത് ഗണ്യമായ കുറവുണ്ടാക്കി ➪

**തമിഴ്നാടിന്റെ വൃഷ്ടിപ്രദേശങ്ങളിൽ നിന്നും കേരളത്തിനനുവദിച്ചതും ലഭിച്ചതുമായ ജലവിഹിതം**

| ഉപനദീതടം | തമിഴ്നാട്ടിലെ വൃഷ്ടിപ്രദേശം (ശതമാനത്തിൽ) | പ്രതീക്ഷിച്ചിരുന്ന നീരൊഴുക്ക് (Mcft) | കേരളത്തിന് അനുവദിച്ചിരുന്നത് (Mcft) | യഥാർത്ഥ നീരൊഴുക്ക് (1970-2002) (Mcft) | കേരളത്തിന് ലഭിച്ചത് (Mcft) |
|---|---|---|---|---|---|
| ഷോളയാർ | 65% | 9300 | 6800 | 10,980 | 5350 |
| പറമ്പിക്കുളം | 62% | 11,780 | (-) 2200 | 6420 | (-) 3930* |
| ആകെ | | 21,080 | 4600 | 17,400 | 1420 |

* കേരളത്തിന്റെ വൃഷ്ടിപ്രദേശങ്ങളിലെ വെള്ളം കൂടി തമിഴ്നാട് കൊണ്ടുപോകുന്നുവൊണ് (-) ചിഹ്നം സൂചിപ്പിക്കുന്നത്.

കരാർലംഘനങ്ങൾ മൂലവും കേരളത്തിനു വലിയ നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. 1970നും 2002നും ഇടയിൽ ഷോളയാർ ഉപനദീതടത്തിലെ നീരൊഴുക്കിൽ ശരാശരി 2785 Mcft യുടെ വർദ്ധനവാണുണ്ടായത്. എന്നാൽ ഈ കാലയളവിൽ കേരള ഷോളയാറിൽ കരാറനുസരിച്ചുള്ള 12,300 Mcft പോലും പൂർണ്ണമായി ലഭിച്ചില്ല. ശരാശരി 303 Mcft യുടെ കുറവാണ് ഈ സമയത്തുണ്ടായത്. ആദ്യ 32 വർഷത്തിൽ 18 വർഷമാണ് കേരളത്തിന്റെ വിഹിതത്തിൽ കുറവുണ്ടായത്. കണക്കാക്കിയതിലും വളരെ ഉയർന്ന നീരൊഴുക്കുണ്ടായിട്ടും തുടർച്ചയായി കേരളത്തിന്റെ വിഹിതത്തിൽ ഗണ്യമായ കുറവുവന്ന വേളകളുണ്ട്. 1986-87 മുതലുള്ള 10 വർഷത്തിൽ എട്ട് തവണയാണ് കേരളത്തിനു ലഭിച്ച വിഹിതത്തിൽ കുറവുണ്ടായത്. ഈ സമയത്ത് ശരാശരി നീരൊഴുക്കിൽ 3820 Mcft യുടെ വർദ്ധനവുണ്ടായെങ്കിലും കേരളത്തിന് 1030 Mcft കുറവാണ് ലഭിച്ചത്.

പറമ്പിക്കുളത്ത് പ്രതീക്ഷിത നീരൊഴുക്കിൽ കുറവുണ്ടായി എന്ന ന്യായം നിരത്തി കേരളത്തിനുള്ള വിഹിതം പൂർണ്ണമായും തടയപ്പെടുകയായിരുന്നു. എന്നാൽ ഷോളയാറിൽ അധിക ജലത്തിന്റെ നേട്ടം മുഴുവനും (അതിലധികവും) എടുത്ത തമിഴ്നാട് നീരൊഴുക്ക് കുറഞ്ഞ വർഷങ്ങളിലും കേരളത്തിനുള്ള വിഹിതം പൂർണ്ണമായി ഉറപ്പുവരുത്താതെ അവരുടെ ആവശ്യങ്ങൾക്കായി വെള്ളം പറമ്പിക്കുളത്തേക്ക് തിരിച്ചുകൊണ്ടുപോകുകയായിരുന്നു. ഇത് വ്യക്തമായ കരാർ ലംഘനമാണ്.

എല്ലാവർഷവും സെപ്റ്റംബർ ഒന്നിനും ഫെബ്രുവരി ഒന്നിനും കേരള ഷോളയാർ ജലസംഭരണി നിറഞ്ഞിരിക്കണമെന്നും ഇതിനിടയിലുള്ള ദിവസങ്ങളിൽ പൂർണ്ണജലനിരപ്പിലും ഏകദേശം അഞ്ച് അടി താഴെ ജലം ഉണ്ടാകണമെന്നും PAP കരാർ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഈ വ്യവസ്ഥകൾ തുടർച്ചയായി ലംഘിക്കപ്പെടുകയായിരുന്നു. വലിയൊരു വൃഷ്ടി പ്രദേശത്തെ നീരൊഴുക്ക് നഷ്ടപ്പെട്ട ചാലക്കുടിപ്പുഴയെ സംബന്ധിച്ച് ഫെബ്രുവരി ഒന്നിന് കേരള ഷോളയാർ നിറഞ്ഞിരിക്കണമെന്ന വ്യവസ്ഥ അതിപ്രധാനമാണ്. പുഴത്തടത്തിലെ വേനൽക്കാല ജലലഭ്യത ഉറപ്പുവരുത്താൻ വേണ്ടിയുള്ള വ്യവസ്ഥയാണിത്. എന്നാൽ കരാർ ഒപ്പുവച്ച 1970നും 2002നും ഇടയിൽ ഫെബ്രുവരി ഒന്നിനു കേരള ഷോളയാർ നിറഞ്ഞത് 1972ൽ മാത്രമാണ്. 2004 ലെ രൂക്ഷമായ വരൾച്ചാകാലത്ത് PAP കരാർ പ്രകാരം ചിറ്റൂർ പുഴയിൽ ലഭിക്കേണ്ടിയിരുന്ന ജലം നിഷേധിക്കപ്പെട്ടപ്പോൾ അന്നത്തെ കേരള സർക്കാർ ഒരു കരാറിന്റേയും പിൻബലമില്ലാതെ തിരുവനന്തപുരം ജില്ലയിലെ നെയ്യാറിൽ നിന്നും  തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലേക്ക് നൽകിയിരുന്ന ജലം നിർത്തലാക്കി. ഇതിനെ തുടർന്ന് ഏതാനും വർഷം PAP കരാർ ലംഘനങ്ങൾക്ക് ശമനം വന്നിരുന്നു. പക്ഷെ 2012-13ലും 2015-16ലും ഷോളയാറിനെ സംബന്ധിച്ച കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടു. നടപ്പുവർഷത്തിലും (2016-17) കരാർ വ്യവസ്ഥകളൊന്നും പാലിക്കപ്പെട്ടിട്ടില്ല.

ജലവിഹിതത്തിലുണ്ടായ കുറവും ജലനിരപ്പിലെ വ്യതിയാനവും കേരളത്തിനു വലിയ നഷ്ടങ്ങൾ വരുത്തിയിട്ടുണ്ട്. വേനൽക്കാല ജലലഭ്യതയിലുണ്ടായ കുറവ് പുഴത്തടത്തിലെ ജലക്ഷാമം രൂക്ഷമാക്കി. നനവെള്ളത്തിന്റേയും കുടിവെള്ളത്തിന്റേയും ലഭ്യതയിൽ ഇത് ഗണ്യമായ കുറവുണ്ടാക്കി. മൊത്തം വൈദ്യുതി ഉൽപ്പാദനത്തിലും വേനൽക്കാല വൈദ്യുതി ഉൽപ്പാദനത്തിലും കുറവുണ്ടായി. ഷോളയാറിലെ വേനൽക്കാല വൈദ്യുതി ഉൽപ്പാദനത്തിൽ കുറവുണ്ടാകുമ്പോൾ അത് പെരിങ്ങൽക്കുത്തിലെ വൈദ്യുതി ഉൽപ്പാദനത്തിലും കുറവുണ്ടാക്കുന്നു. ■